| രതീഷ് എസ് | സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ സൂക്ഷ്മ സംരംഭങ്ങൾ |
|---|---|
| സന്ദർശിച്ച സി ഡി എസ് : | കുട്ട്യാട്ടൂർ കണ്ണൂർ, October 23-24,2019 |

**LEARNING**

- കുടുംബശ്രീ കീഴ്ഘടകങ്ങളെ ശക്തിപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ അടിയന്തിരമായി ചെയ്യേണ്ടതുണ്ട്. സി ഡി എസ് മുതൽ താഴേയ്ക്കുള്ള ഘടകങ്ങൾ കുടുംബശ്രീ പ്രവർത്തനം ഏറ്റെടുത്തു നടപ്പിലാക്കുന്നതിൽ നിലവിൽ സ്വയം പര്യാപ്തത കൈവരിച്ചിട്ടില്ല.
- അയൽക്കൂട്ടം ശക്തമായാൽ സി ഡി എസ് ശക്തമാകും, നിലവിൽ ത്രിഫ്ട് ഇട്ടു ലോൺ എടുക്കുക മാത്രമാണ് ഏക പ്രവർത്തനം
- ഉപസമിതിയ്ക്ക് വരുമാനം ഉറപ്പാക്കാതെ പ്രവർത്തനം മെച്ചപ്പെടുത്തുക പ്രയാസകരം.
- പദ്ധതികൾക്ക് നടപ്പിലാക്കുവാൻ ആവശ്യമായ യാത്രക്കൂലി ഉൾപ്പെടെ അംഗങ്ങൾ ചിലവഴിക്കേണ്ടി വരുന്നു, എന്നാൽ വരുമാനം ഒട്ടും ലഭിക്കുന്നുമില്ല ഇത് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു. അംഗങ്ങൾ തൊഴിലുറപ്പിനെ ആശ്രയിക്കുന്നു. ഇത് സി ഡി എസ് മീറ്റിംഗുകളെപോലും ബാധിക്കുന്നു.
- കുടുംബശ്രീ സ്കൂൾ പ്രവർത്തനം നിർവഹണവുമായി ബന്ധപ്പെടുത്തി മെച്ചപ്പെടുത്തേണ്ടി ഇരിക്കുന്നു.
- അയൽക്കൂട്ട വായ്പ ഉള്ളതിനാൽ ലിങ്കേജ് എടുക്കാൻ വൈമനസ്യം ഉണ്ട്
- സി ഡി എസ്സിന് അറിവ് നൽകത്തക്ക വിധത്തിൽ സാമ്പത്തിക പുരോഗമന ആശയങ്ങൾ ഉൾപ്പെടുത്തിയ ഡോക്യൂമെന്റുകൾ, സ്വയം പര്യാപ്ത സി ഡി എസ് ആക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിവ ഡോക്യുമെന്റ് ആയി നൽകണം.
- സ്വയം സംരംഭത്തിലേയ്ക്ക് വരാൻ വൈമനസ്യം അംഗങ്ങൾക്ക് ഉണ്ട്, ഫീൽഡ് തല ശാക്തീകരണം അത്യാവശ്യം
- കാർഷിക മേഖല പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്
- ജെ എൽ ജി ഇൻസന്റീവുകൾ സമയ ക്രമത്തിൽ ലഭ്യമാകുന്നില്ല , ജെ എൽ ജി യും എൻ ആർ ജി എ യുമായി പരമാവധി സംയോജനം സാധ്യമാക്കണം
- യുവ തലമുറയെ ആകർഷിക്കത്തക്ക പദ്ധതികളുടെ അഭാവം.
- സി ഡി എസ് ജില്ലാ റിവ്യൂ മീറ്റിംഗിൽ ഓരോ തവണയും ഓരോ ഉപസമിതിയെ കൂടിയെങ്കിലും പങ്കെടുപ്പിക്കണം
- ഡി ഡി യു ജി കെ വൈ പദ്ധതിയ്ക്ക് മടി , മാനദണ്ഡങ്ങൾ താത്പര്യമുള്ളവർക്ക് വിലങ്ങുതടിയാകുന്നു.
- കുടുംബശ്രീയുടെ പല പദ്ധതികൾക്കും വയസ്സ് നിർണ്ണയിക്കുന്നതുവഴി തത്പരരായ അംഗങ്ങൾക്ക് പങ്കെടുക്കുവാനും, ആ വയസ്സിലുള്ളവർ പങ്കെടുക്കാതെയും വരുന്നു.
- സ്നേഹിത, ജി ആർ സി പദ്ധതികൾ സി ഡി എസ് തലം വരെയെങ്കിലും വേണ്ട അറിവ്

നൽകിയിട്ടുണ്ട്.

- ജില്ലാ മിഷനുകൾ സി ഡി എസ്സുകൾക്ക് ഫണ്ട് അനുവദിക്കുന്നു. യൂട്ടിലൈസഷൻ വാങ്ങുന്നു. ഈ ഫണ്ടുകൾ സമയ പരിധിയിൽ വേണ്ട രീതിയിൽ അംഗങ്ങൾക്കായി വിനിയോഗിക്കപ്പെടുന്നില്ല(ഉദാ: പ്രത്യാശ )
- ഉപസമിതികളെ ഒരു ഡിപ്പാർട്മെന്റും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നതോ, ശാക്തീകരിക്കുന്നതോ ഇല്ല
- പ്രവർത്തിയ്ക്കാൻ മോട്ടിവേഷൻ ഇല്ല, പരിശീലനങ്ങൾ സി ഡി എസ്സുകളിൽ നൽകുന്നില്ല
- യോഗങ്ങളും, പരിശീലനങ്ങളും ചർച്ചകളും നടക്കുന്നു അവയ്ക്ക് റിസൾട്ട് ഉണ്ടാകുന്നത് പൊതുവെ കുറവാണു.
- പഞ്ചായത്തു തലത്തിൽ ഫീൽഡ് തല പ്രവർത്തനം ചെലവേറിയതും അപ്രായോഗികവുമാകുന്നു. സി ഡി എസ് അംഗങ്ങൾക്ക് പദ്ധതി നടപ്പിലാക്കുന്നതിന് യാത്രാബത്ത നൽകുന്നത് പരിഗണിക്കപ്പെടണം

- സ്ത്രീ സുരക്ഷാ ബീമാ യോജന വളരെ പ്രയാസങ്ങളും, അടച്ച പൈസയ്ക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലും പരാജയം സംഭവിച്ചോ എന്ന് വിലയിരുത്തേണ്ടിയിരിക്കുന്നു. രണ്ടാം ഘട്ടത്തിൽ നിന്നും അംഗങ്ങൾ വിട്ടു നിൽക്കുന്നു
- ബഡ്സ് സ്കൂളുകളിൽ കലാകായിക പ്രോത്സാഹന പദ്ധതികളും, കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങൾ നിറവേറ്റാൻ സ്പോൺസർഷിപ് ഫണ്ടും ആവശ്യമാണ്. കുട്ടികൾ നേരിടുന്ന വ്യക്തിഗത ബുദ്ധിമുട്ടുകൾ അനുസരിച്ചു സംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.
- സി ഇ എഫ് തിരിച്ചടവ് കൃത്യമായി നടക്കുന്നു
- സർവീസ് എന്ന രീതിയിൽ എല്ലാ പ്രവർത്തനങ്ങളും ഏറ്റെടുക്കുമ്പോൾ വരുമാനം കണ്ടെത്തുന്നതിനും മാർഗ്ഗങ്ങൾ ലഭ്യമാകേണ്ടതുണ്ട് .
- നൂതന പദ്ധതികൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനം ഉൾപ്പെടെ ഫണ്ട് വയ്ക്കാൻ താത്പര്യപ്പെടുന്നു എന്നാൽ സി ഡി എസ് തലത്തിൽ നിന്ന് ഫണ്ട്, സ്ഥല സൗകര്യങ്ങൾ ഉണ്ടെന്നാലും അനുയോജ്യ നൂതന പദ്ധതികൾ ഉണ്ടാകുന്നതിൽ വളരെ പ്രയാസവും സമർത്ഥരായ അംഗങ്ങളുടെ അഭാവവും ഉണ്ട്
- ഉപസമിതികൾ , അയൽക്കൂട്ട കൺവീനർമാർ എന്നിവർ പ്രവർത്തന സജ്ജരാകാൻ അടിയന്തിര നടപടികൾ വേണം എന്നാൽ മാത്രമേ പദ്ധതികൾ ഫലപ്രദമാകു
- ജില്ലാ മിഷൻ മുതൽ സി ഡി എസ് ചെയർ പേഴ്സൺ വരെ മാത്രമേ ആശയങ്ങൾ ലഭ്യമാകുന്നുള്ളു . സി ഡി എസ് തലത്തിൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ട്.

- എന്ത് എങ്ങനെ നടപ്പിലാക്കണം എന്നൊരു സ്വയം പര്യാപ്ത കാഴ്ചപ്പാടുള്ള ടീം ഓരോ സി

ഡി എസിലും വികസിപ്പിക്കേണ്ടതുണ്ട് , നിലവിൽ ഒരു രൂപരേഖയുമില്ലാതെ ആണ് പ്രവർത്തനം.

- സംരംഭ വികസന പ്രവർത്തനങ്ങൾക്ക് ഫീൽഡ് തലത്തിൽ അടിത്തറ പാകുന്നതിനു നടപടി എടുത്തുകൊണ്ട് മാത്രമേ മികച്ച പദ്ധതികൾ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. മാർക്കറ്റിംഗ് മേഖലയാണ് സംരംഭമേറ്റെടുക്കുന്നതിൽ വൈമനസ്യം സൃഷ്ടിക്കുന്ന മറ്റൊരു ഘടകം .
- ഇന്റർ സബ്സിഡി പ്രയോഗികമാകുന്നില്ല പ്രവർത്തന രഹിതം

- ലോൺ എടുക്കാതെ തുടങ്ങുന്നവർക്കും യോഗ്യത അനുസരിച്ചു ഇൻസന്റീവുകൾ അനുവദിക്കണം
- സംരംഭങ്ങളുടെ അഫിലിയേഷൻ പുതുക്കാൻ തയ്യാറാകുന്നില്ല
- ജെണ്ടർ വിഷയങ്ങൾ സമൂഹത്തിലെ എല്ലാ വിഭാഗക്കാരിലും ഒരു പോലെ ഗുണഫലം വരുത്തുവാൻ തക്ക രീതിയിൽ ഉൾക്കൊള്ളിക്കണം. സമൂഹത്തിലെ ആൺപെൺ ഭേദമന്യേ , ജാതി മത ഭേദമന്യേ എല്ലാ വിധ ചൂഷണങ്ങളെയും ഉൾക്കൊള്ളിച്ചു നടപടികൾ എടുക്കണം.

## SUGGESTIONS

- അംഗങ്ങളിൽ ദാരിദ്യം എന്ന കാഴ്ചപ്പാട് മാറ്റി ആവശ്യമായിട്ടുള്ള അംഗങ്ങൾക്ക് വികസനത്തിന് ഊന്നൽനൽകേണ്ട കാലഘട്ടം ആയിട്ടുണ്ട്.
- പരിശീലനങ്ങൾ സി ഡി എസ് തലത്തിൽ നല്കാൻ സംവിധാങ്ങൾ ഒരുക്കി സി ഡി എസ്സിനെ സ്വയംപര്യാപ്തമാക്കേണ്ടതുണ്ട്

- സി ഡി എസ് അംഗങ്ങളെ മൊബൈൽ ഫോൺ, കമ്പ്യൂട്ടർ, ഇരു ചക്ര വാഹന പരിശീലനങ്ങൾ നൽകേണ്ടിയിരിക്കുന്നു. കുടുംബശ്രീ സ്കൂളിനൊപ്പം ഇതും പരിഗണിക്കാവുന്നതാണ്

- സി ഡി എസ്സുകളെ സ്വന്തമായി ആസൂത്രണം ചെയ്യാൻ പാകപ്പെടുത്തണം
- നിലവിലെ അംഗങ്ങളിൽ നിന്നും സംരംഭ പ്രവർത്തനത്തിന് തത്പരരായ അംഗങ്ങൾ അത് ഉപയോഗപ്പെടുത്തുന്നു, യുവ അംഗങ്ങൾക്ക് പ്രതിനിധ്യമില്ലാത്ത അവസ്ഥ സംരംഭ പ്രവർത്തനങ്ങൾ കുടുംബങ്ങളിൽ എത്തിക്കുന്നതിന് വിഘാതമാകുന്നു. യുവജനങ്ങൾക്ക് സംരംഭപ്രക്രിയയിൽ ഭാഗമാകാൻ പദ്ധതികളിലൂടെ അവസരം നൽകുന്നത് കൂടാതെ ഈ മേഖലയിലെ എല്ലാ അവസരങ്ങളും അവർക്ക് അറിയുവാൻ ഫീൽഡ് തലത്തിൽ ഇ ക്ലബ് പോലെ സംവിധാങ്ങൾ അയൽക്കൂട്ടം പോലെയോ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴിയോ സാധ്യമാക്കണം.

- നഗര ഗ്രാമീണ മേഖലകൾക്ക് അനുസൃതമായി ഓരോ പദ്ധതിയിലും മാനദണ്ഡങ്ങൾ വെവ്വേറെ നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതുണ്ട്
- ബ്ലോക്ക് കോഓർഡിനേറ്റർ, സി ഡി എസ് ഉപസമിതി, അയൽക്കൂട്ട കൺവീനെർമാർ എന്നിവർക്ക് സി ഡി എസ് അടിസ്ഥാനത്തിൽ ആക്ടിവിറ്റികൾ നിർണയിക്കാൻ ശാക്തീകരണം നൽകേണ്ടതുണ്ട്.
- സി ഡി എസ്സുകളിൽ പ്രവർത്തന ക്ഷമതയുള്ള ഒരു ടീം രൂപീകരിച്ചു പദ്ധതികൾ ആസൂത്രണം ചെയ്തു സ്വന്തമായി നടപ്പിലാക്കുന്നതിനും, ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനും സജ്ജമാക്കണം. ഇവർക്ക് പദ്ധതികളുടെ നിർവഹണത്തിൽ ഉൾപ്പെടുത്തി വരുമാനം ലഭ്യമാക്കാവുന്നതാണ്.
- യുവ തലമുറയെ കുടുംബശ്രീ ശൃംഖലയിലേയ്ക്ക് കൊണ്ട് വരുന്നതിനും, വെബ് അടിസ്ഥാനത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യുവാനും സംവിധാനം സി ഡി എസ് തലത്തിൽ രൂപപ്പെടുത്തി സി ഡി എസ്സുകളെ സ്വയം പര്യാപ്തമാക്കണം.
- സംരംഭ സാധ്യതകളുൾപ്പെടെ സംരംഭ രൂപീകരണ പ്രവർത്തനങ്ങളിൽ ശാക്തീകരണം നൽകുന്നതിനുള്ള ഫീൽഡ് പ്രവർത്തനങ്ങൾ അടിയന്തിരമായി നടപ്പിലാക്കണം
- ഓരോ അയൽക്കൂട്ടത്തിനും കുടുംബശ്രീ വഴി പ്രയോജനം ലഭിക്കുന്നതിന് ശ്രദ്ധ നൽകിക്കൊണ്ട് നിർവഹണം നടപ്പിലാക്കാൻ എം ഐ എസ് സംവിധാനം ശക്തിപ്പെടുത്തണം
- സുലേഖ സോഫ്റ്റ്വെയർ പോലെ ഒരു സംവിധാനം കുടുംബശ്രീ പ്രവർത്തനങ്ങൾ അപ്ലൈ ചെയ്യുന്നതിനും, ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും പൊതുജനങ്ങൾക്ക് കാണാക്കത്തക്ക വിധത്തിൽ ഏക ജാലക രീതിയിൽ നടപ്പിലാക്കണം.
- ഉപസമിതികൾക്ക് പദ്ധതി രൂപരേഖ , പ്രവർത്തന കലണ്ടർ എന്നിവ ഉൾപ്പെടെ പ്രവർത്തന പുരോഗതിക്ക് പിന്തുണ ഘടകങ്ങൾ നിർണ്ണയിച്ചു നൽകുക
- പരിശീലനങ്ങൾ സി ഡി എസ് തലത്തിൽ പരമാവധി ഉണ്ടാകാൻ ശ്രമം നടത്തേണ്ടതുണ്ട്
- ബി സി മാരുടെ ദൈനം ദിന പ്രവർത്തനം വിലയിരുത്തപ്പെടേണ്ടതുണ്ട്. എം ഇ സി മാർ അവർക്കേൽപ്പിച്ച പ്രവർത്തനങ്ങളിൽ എത്രത്തോളം നേട്ടം കൈവരിച്ചു എന്നതും പരിശോധിക്കേണ്ടതുണ്ട്.